# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. 47</u>

**<u>29.01.2019 ൽ മറുപടിക്ക്</u>**

## <u>കരിമണൽ ഖനനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ആലപ്പാട് കരിമണൽ ഖനനത്തിനെതിരെ ജനങ്ങൾ നടത്തുന്ന സമരം നിക്ഷിപ്ത താല്പര്യമുള്ള ചില കേന്ദ്രങ്ങളുടെ ഒത്താശയോടെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അത്തരമൊരു നിഗമനത്തിൽ എത്തിച്ചേർന്നത് എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) വിലയിരുത്തിയിട്ടില്ല. |
| (സി) പ്രസ്തുത കരിമണൽ ഖനനം ഖനന വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണോ എന്നറിയിക്കാമോ; | (സി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ് ഖനനം നടത്തിവരുന്നതെന്ന് ഐ.ആർ.ഇ.എൽ. അധികൃതർ അറിയിച്ചിരിക്കുന്നത്. 16.01.2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ |

22.01.2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച ശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാന മെടുക്കും.

(ഡി) ഇത് സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സമിതി (2016-19)യുടെ 8-മത് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആലപ്പാട്ടെ കരിമണൽ ഖനനം സംബന്ധിച്ച് കേരള നിയമസഭ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)-യുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്ന് ശിപാർശകളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷ തയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതി നിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ച് ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക, സീ വാഷിംഗിനു ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ 2,3,4,10,11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16.01.2019-നു ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷത യിൽ ചേർന്ന യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തു ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചി ട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ച് വരുത്താതെ ഖനന പ്രവർത്തനം നടത്തുക, ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷി നാശം സംഭവിച്ചവർക്ക് നഷ്ട പരിഹാരം നൽകുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ 2,5,6,7,8 എന്നീ ശിപാർശകൾ നടപ്പാക്കുവാൻ സർക്കാർ, കമ്പനിക്ക് നിർദേശം നൽകിയിട്ടുണ്ട്. 16.01.2019-നു ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനന പ്രവർത്തികൾ നടക്കുന്ന

പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് മുഖേനെ നടത്തുന്ന ഒരു പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാകമെന്നുമാണ് ഐ.ആർ.ഇ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചുവരുന്നതായാണ് ഐ.ആർ.ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിലും, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൈകൊള്ളാമെന്നും (ശിപാർശ 7) ഐ.ആർ.ഇ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദേശം നടപ്പാക്കിയതായി ഐ.ആർ.ഇ അറിയിച്ചിരിക്കുന്നു. ജില്ലാ മിനറൽ ഫൗണ്ടേഷനിലേക്കു റോയൽറ്റിയുടെ 30% പ്രതിവർഷം മെ. ഐ.ആർ.ഇ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിങ് ഏരിയ വെൽഫെയർ ബോർഡിന് മെ.ഐ.ആർ.ഇ.എല്ലും മെ. കെ.എം.എം.എല്ലും വിഹിതം നൽകുന്നുമുണ്ട്.

(ഇ) ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഇ) ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി ബഹു. മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും, ഉന്നത ഉദ്യോഗസ്ഥരുടെയും, കമ്പനി അധികൃതരുടെയും ഒരു യോഗം 16.01.2019-ന് വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചി

ട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.01.2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച ശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും. കൂടാതെ, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശുപാർശ ചെയ്യുകയും വേണം. ആലപ്പാട്ടെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമരസമിതിയുമായി 17.01.2019-ൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി ചർച്ച നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ